# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 365** **27.09.2016- ൽ മറുപടിക്ക്**

## കൈത്തറി ഉത്പന്നങ്ങളുടെ കയറ്റുമതി

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള കൈത്തറി ഉത്പന്നങ്ങളുടെ ആഭ്യന്തര വിപണിയിലും കയറ്റുമതിയിലും ഇടിവ് സംഭവിച്ചിട്ടുണ്ടോ;എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. കൈത്തറിയ്ക്ക് കേന്ദ്രസർക്കാർ നൽകിയിരുന്ന പരിഗണന എടുത്തു കളഞ്ഞതും, വൻതോതിൽ മിൽ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതും, ചൈന പോലുള്ള രാജ്യങ്ങൾ വിലകുറച്ച് തുണിത്തരങ്ങൾ ആഗോളമാർക്കറ്റിൽ എത്തിക്കുന്നതും ആണ് കയറ്റുമതി കുറയാനും ആഭ്യന്തരവിപണി ഇടിയാനും കാരണം. |
| (ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കൈത്തറി ഉത്പന്നങ്ങളുടെ കയറ്റുമതി എത്ര ശതമാനത്തിലധികം കുറഞ്ഞതായാണ് കണക്കുകളെന്ന് വ്യക്തമാക്കാമോ; | (ബി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി 60 ശതമാനത്തിലധികം കുറഞ്ഞതായാണ് കാണുന്നത്. |
| (സി) കൈത്തറിയുടെ ഏതെല്ലാം ഉത്പന്നങ്ങളാണ് സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതെന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര കോടി രൂപയുടെ ഉത്പന്നങ്ങളാണ് കയറ്റി അയച്ചതെന്നും ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യുന്നതെന്നും വിശദമാക്കുമോ; | (സി) കൈത്തറി ഫർണിഷിംഗ് ഉൽപന്നങ്ങളാണ് സംസ്ഥാനത്തുനിന്ന് കയറ്റുമതി ചെയ്യുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 562.07 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ കയറ്റി അയച്ചിട്ടുണ്ട്. ഓസ്ട്രേലിയ, ബെൽജിയം, ജർമ്മനി, നെതർലാൻഡ്, ജപ്പാൻ, ഹോങ്കോങ് എന്നീ രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി ചെയ്യുന്നത്. |
| (ഡി) ഇപ്പോൾ കേരളാ കൈത്തറിക്ക് വില കൂടുതലാണെന്ന് വിദേശ ഇറക്കുമതിക്കാർ പരാതി പറഞ്ഞു തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഇ) വിദേശത്ത് കൈത്തറിയെ അപ്രിയമാക്കിയ ഘടകങ്ങൾ ഏതെല്ലാമാണെന്ന് പഠിച്ചിട്ടുണ്ടോ; കൈത്തറിയുടെ പഴയ പ്രതാപം വീണ്ടെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഇ) ശാസ്ത്രീയപഠനം നടത്തിയിട്ടില്ല. എന്നാൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് വിപണി കീഴടക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ